# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2370** **12.06.2018-ൽ മറുപടിയ്ക്ക്**

**കേരള ലോട്ടറി ടിക്കറ്റുകളുടെ വിൽപ്പന**

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കേരള ലോട്ടറിയുടെ സമ്മാനങ്ങൾ ഈയടുത്തകാലത്ത് പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പരിഷ്കാരം ഏത് വിധത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും സമ്മാന ഘടനകൾ 2018 മെയ് ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി പരിഷ്കരിച്ചിട്ടുണ്ട്. കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ പരമാവധി വിൽപ്പന വില 30 രൂപയിൽ നിന്നും 40 രൂപയാക്കി(മുഖവില 35.72 + 12% GST) വർദ്ധിപ്പിച്ചു കൊണ്ടും മറ്റ് പ്രതിവാര ഭാഗ്യക്കുറികളുടെ പരമാവധി വിൽപ്പനവില 30 രൂപയാക്കി നിലനിർത്തികൊണ്ടും (മുഖവില 26.8+ 12% GST) ഡിസ്കൗണ്ടിൽ വ്യത്യാൽൽ ഗണ്യമായ വർദ്ധനവ് വരുത്തിയുമാണ് സമ്മാന ഘടനകൾ ആവിഷ്കരിച്ചത്. സമ്മാനങ്ങളുടെ എണ്ണത്തിൽ ശരാശരി 27,000 എണ്ണം വീതം വർദ്ധനവ് വരുന്നുണ്ട്. കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ ഒന്നാം സമ്മാനം 80 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുകയും അക്ഷയ ഒഴികെ മറ്റ് പ്രതിവാര ഭാഗ്യക്കുറികളുടെ ഒന്നാം സമ്മാന തുക കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഒന്നാം സമ്മാനർഹമായ ടിക്കറ്റിന്റെൽ നിന്ന് 25,000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>5000 രൂപയുള്ള സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തികൊണ്ടും Prize Percentage ഏകദേശം അതേപോലെ നിലനിർത്തിയും പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടനകൾ 15/07/18 ലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ വീണ്ടും പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സമ്മാനങ്ങൾ പരിഷ്കരിച്ച ശേഷം ലോട്ടറിയുടെ വിൽപ്പനയിൽ ഇടിവാണോ വർദ്ധനവാണോ ഉണ്ടായിട്ടുള്ളത് ; വ്യക്തമാക്കാമോ; | (ബി) | 2018 ഏപ്രിൽ മാസത്തെ റവന്യൂ കളക്ഷനെ അപേക്ഷിച്ച് മെയ് മാസത്തിൽ 65.41 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട് |
| (സി) | മൊത്തവ്യാപാര സ്ഥാപനങ്ങളിൽ ലോട്ടറികൾ കെട്ടിക്കിടക്കുന്നു എന്നതും ഏജന്റുമാർ മുൻകൂർ പണം അടച്ച് വാങ്ങുന്നതിനാലും | (സി) | ഇത്തരത്തിൽ ഒരു പരാതിയും ഏജന്റുമാർ നൽകിയിട്ടില്ല. മഴക്കാലം, സ്കൂൾ തുറക്കൽ, നോമ്പുകാലം എന്നിവ വില്പനയെ ബാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | വിൽപ്പനയിലെ കുറവ് ശ്രദ്ധയിൽ പെടുന്നില്ല എന്നത് വസ്തുതയാണോ; | | |
| (ഡി) | അനുവദിച്ച ക്വാട്ട നഷ്ടപ്പെടുമെന്നതിനാൽ ലോട്ടറി ഓഫീസുകളിൽ നിന്ന് ടിക്കറ്റുകൾ കുറച്ചെടുക്കാൻ ഏജന്റുമാർ തയ്യാറാകുന്നില്ല എന്നും തൽക്കാലത്തേക്ക് ടിക്കറ്റുകൾ കുറച്ചാൽ പിന്നീട് അത് കൂട്ടണമെന്ന് കരുതിയാൽ ബുദ്ധിമുട്ടാണെന്നും അതിനാൽ കെട്ടുകണക്കിന് ടിക്കറ്റുകൾ ബാക്കിയായിട്ടും മൊത്ത വിതരണ ഏജന്റുമാർ നഷ്ടം സഹിക്കുന്നു എന്നത് വസ്തുതയാണോ; | (ഡി) | ഭാഗ്യക്കുറി ഏജന്റുമാരെ നിർബന്ധിച്ച് ടിക്കറ്റെടുപ്പിക്കാൻ പാടില്ലെന്ന് ജില്ലാ/സബ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | മുൻനിര സമ്മാനങ്ങളുടെ എണ്ണം കുറച്ചത് ലോട്ടറിവിൽപ്പന ഗണ്യമായി കുറയാൻ കാരണമായിട്ടുണ്ടോ; | (ഇ) | മേയ്, ജൂൺ മാസങ്ങളിൽ ലോട്ടറി വിൽപ്പനയിൽ സ്വാഭാവികമായി കുറവ് വരാറുണ്ട്. 2018 മേയ് ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടന പരിഷ്ക്കരിച്ചപ്പോൾ രണ്ടും മൂന്നും സമ്മാനങ്ങളുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ടെങ്കിലും ചെറിയ സമ്മാനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തിയിരുന്നു. സമ്മാനങ്ങളുടെ എണ്ണത്തിൽ ശരാശരി 27,000 വീതം വർദ്ധനവ് വരുത്തിക്കൊണ്ടാണ് സമ്മാനഘടന പരിഷ്ക്കരിച്ചിട്ടുള്ളത്. |
| (എഫ്) | എങ്കിൽ വിൽപ്പന വർദ്ധിപ്പിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എഫ്) | കുറവ് വരുത്തിയ ഒന്നാം സമ്മാനത്തുക വർദ്ധിപ്പിച്ചുകൊണ്ടും, 5000 രൂപ സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയും, ആകെ സമ്മാനത്തുകയിൽ ചെറിയരീതിയിൽ വർദ്ധനവ് വരുത്തിക്കൊണ്ടും, 40/- രൂപ പരമാവധി വിൽപ്പന വിലയുള്ള കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ ഡിസ്കൗണ്ട് നിരക്ക് 5000 ടിക്കറ്റുകൾ വരെ 24%, 5000-നു മുകളിൽ 25% എന്നിങ്ങനെ മാറ്റം വരുത്തിക്കൊണ്ടും, എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ 15.07.2018-ലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ